**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5499** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ചികിൽസാ സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൂടാതെ വേറെ ചികിൽസ സഹായ പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി മുഖേന ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ഒറ്റത്തവണ ധനസഹായമായി നൽകി വരുന്നു. കൂടാതെ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഇല്ലാത്ത വൃക്ക രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം എപിഎൽ/ബിപിഎൽ വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയുടെ വരെ ചികിത്സാ ആനുകൂല്യവും നൽകുന്നു. |
| (ബി) | ജീവിതകാലം മുഴുവൻ ഡയാലിസിസ് ചെയ്യേണ്ടിവരുന്നവർക്ക് നിലവിലുള്ള ചികിത്സ സഹായ പദ്ധതികൾ കൂടാതെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ